LIBRARY ARCHIVES Kerala Legislative Assembly

(E.E.S.L) എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായി ചേർന്ന് സംസ്ഥാനത്ത് കൂടുതൽ പബ്ലിക് ഇ.വി. ഫാസ്റ്റ് ചാർജിംഗ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അനെർട്ട് നടത്തിവരുന്നു. സർക്കാർ വകുപ്പുകളുടെയോ, പൊതു മേഖല സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിൽ പ്രധാന റോഡുകളുടെ സമീപം കുറഞ്ഞത് 5 സെന്റ് സൗകര്യപ്രദമായ സ്ഥലം 10 വർഷ കരാർ കാലാവധിയിൽ ലഭ്യമാണെങ്കിൽ ചാർജിംഗ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി അനെർട്ട് സ്വീകരിക്കുന്നതാണ്. ഒരു യൂണിറ്റിന് 70 പൈസ നിരക്കിൽ തറവാടക ബന്ധപ്പെട്ട സ്ഥാപനത്തിന് നൽകുന്നതാണ്. സ്വകാര്യ ഹോട്ടലുകൾ, മാളുകൾ, മറ്റ് പാർക്കുകൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന ചാർജിംഗ്സ്റ്റേഷനുകളിൽ സോളാർ വൈദ്യുതി പ്ലാന്റ് സ്ഥാപിക്കുന്നതിന് മുൻഗണനക്രമത്തിൽ അനെർട്ട് സബ്സിഡി അനുവദിക്കുന്നതിനുള്ള പദ്ധതി ഈ വർഷം നടപ്പിലാക്കുന്നതാണ്.

(ഡി) ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നതിന് വായ്പയെടുക്കുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഇലക്ട്രിക് ആട്ടോറിക്ഷകൾ വാങ്ങുന്നതിന് 30,000 രൂപ വരെ സബ്സിഡി അനുവദിക്കുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ പദ്ധതി പ്രകാരം ഇലക്ട്രിക് ബസ്സുകൾ ലീസ് അടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിന് കിലോമീറ്റർ അടിസ്ഥാനത്തിൽ സബ്സിഡി ലഭ്യമാണ്. കൂടാതെ പലിശ സബ്സിഡി നൽകുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ചുവരികയാണ്.

സർവ്വകലാശാലകളിലെ പരീക്ഷാഫലം

9 (*249) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. ടി. തോമസ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സന്ദീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ പരീക്ഷാഫലം സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കോവിഡ് കാലത്തുപോലും പരീക്ഷ സമയബന്ധിതമായി പൂർത്തിയാക്കാൻ നിഷ്കർഷിക്കുന്ന സർവ്വകലാശാലകൾ പരീക്ഷാഫലം സമയ ബന്ധിതമായി പ്രസിദ്ധീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

(എ&ബി) കോവിഡ്-19 പശ്ചാത്തലത്തിൽ രാജ്യവ്യാപകമായി/ സംസ്ഥാന വ്യാപകമായി ഏർപ്പെടുത്തിയ ലോക്ഡൗൺ കാരണം അക്കാഡമിക് കലണ്ടർ പ്രകാരം നടക്കേണ്ട പരീക്ഷകൾ വൈകി നടത്തേണ്ടി വന്നതിനാൽ പ്രസ്തുത പരീക്ഷകളുടെ ഫലവും സ്വാഭാവികമായി വൈകിയാണ് പ്രസിദ്ധീകരിക്കാൻ സാധിച്ചിട്ടുള്ളത്. പരീക്ഷ നടന്നതിനുശേഷവും ടിപ്പിൾ ലോക്ക്ഡൗൺ/ പ്രാദേശികമായ നിയന്ത്രണങ്ങൾ എന്നിവ ചില പരീക്ഷകളുടെ സമയബന്ധിതമായ ഫലപ്രഖ്യാപനത്തെ ബാധിക്കുകയുണ്ടായി. എല്ലാ സർവ്വകലാശാലകളും സമയബന്ധിതമായി ഫലപ്രഖ്യാപനം നടത്തുന്നതിനായി ശക്തമായ പ്രവർത്തനം നടത്തിവരികയാണ്.

(സി) പരീക്ഷ നടത്തിപ്പ്, മൂല്യനിർണ്ണയം, ഫലപ്രഖ്യാപനം എന്നിവയിൽ എല്ലാ സർവ്വകലാശാലകളിലും ഏകീകൃത സ്വഭാവം വരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) സർവ്വകലാശാലകൾക്ക് പൊതുഅക്കാദമിക് കലണ്ടറും പരീക്ഷാ കലണ്ടറും തയ്യാറാക്കുന്ന നടപടിയുടെ പുരോഗതി അറിയിക്കാമോ?

(സി&ഡി) സംസ്ഥാനത്തെ സർവ്വകലാശാലകളെല്ലാം തന്നെ, അക്കാദമിക വർഷത്തിന്റെ ആരംഭത്തിൽ ബിരുദ ബിരുദാനന്തര പ്രോഗ്രാമുകൾക്കായുള്ള അക്കാദമിക് കലണ്ടർ പ്രസിദ്ധീകരിച്ചുവരുന്നു. സെമസ്റ്റർ സമ്പ്രദായം നടപ്പിലാക്കിയതോടുകൂടി 90 ദിവസം ഉള്ള ഓരോ സെമസ്റ്റർ അക്കാദമിക കലണ്ടറും സർവ്വകലാശാല പ്രസിദ്ധീകരിച്ച് കോളേജുകൾക്ക് നൽകാറുണ്ട്. അക്കാദമിക കലണ്ടറിൽ പ്രോഗ്രാമുകളുടെ ആരംഭം, അഡ്മിഷൻ പൂർത്തിയാക്കൽ, ഇന്റേണൽ പരീക്ഷകൾ, End സെമസ്റ്റർ പരീക്ഷകൾ എന്നിവയുടെ കൃത്യമായ ദിവസങ്ങൾ നിശ്ചയിച്ച് നൽകിവരുന്നു. ഇത് സർവ്വകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. സർവ്വകലാശാലയിലെ മുഴുവൻ പരീക്ഷകളുടേയും കലണ്ടറുകൾ സർവ്വകലാശാലകൾ പ്രസിദ്ധീകരിക്കാറുണ്ട്. ഇതിനായി അദ്ധ്യാപക സംഘടനകൾ, വിദ്യാർത്ഥി സംഘടനകൾ, നോൺടീച്ചിംഗ് സ്റ്റാഫ് എന്നിവരുടെ സംഘടനാ പ്രതിനിധികളുമായി വിപുലമായ ചർച്ചകൾ സർവ്വകലാശാലകൾ നടത്തിവരുന്നു. പരീക്ഷാ കലണ്ടർ വാർഷികാടിസ്ഥാനത്തിലും അക്കാദമിക കലണ്ടർ അക്കാദമിക വർഷാടിസ്ഥാനത്തിലുമാണ് തയ്യാറാക്കുന്നത്. വിവിധ പരീക്ഷകൾ നോട്ടിഫൈ ചെയ്യുന്നതും പരീക്ഷകൾ നടത്തുന്നതും അവസാനഫലം പ്രസിദ്ധീകരിക്കുന്നതും സംബന്ധിച്ചുള്ള തീയതികൾ പരീക്ഷാ കലണ്ടറിൽ ഉൾപ്പെടുത്തിവരുന്നു. പരീക്ഷകളുടെ നടത്തിപ്പിനും കരിക്കുലം പരിഷ്കാരത്തിന്റെ പുരോഗതി വിലയിരുത്തുന്നതിനും വിവിധ സർവ്വകലാശാലകളുടെ പ്രൊ-വൈസ് ചാൻസലർമാരടങ്ങിയ ഒരു സമിതി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly